പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.**4990**

**27.06.2019** -ലെ മറുപടിയ്ക്ക്

## ബോർഡ്/ കോർപ്പറേഷനുകളിൽ സ്പെഷ്യൽ റൂൾസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ്: | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| എ) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത കമ്പനി/ ബോർഡ്/ കോർപ്പറേഷനുകളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇനി ഏതെല്ലാം സ്ഥാപനങ്ങളിൽ ആണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ ബാക്കിയുള്ളത്; വിശദമാക്കുമോ; | എ) തൊഴിൽവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ 4 ബോർഡുകളിൽ വിശേഷാൽ ചട്ടം രൂപീകരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനം നടത്തിവരുന്നത്. വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത ക്ഷേമനിധി ബോർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്ത ക്ഷേമനിധി ബോർഡുകൾ**<br><br>1. കേരള ബീഡി -ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്<br>3. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>4. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>5. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>7. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>8. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്<br>9. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ |

ഫണ്ട് ബോർഡ്

10. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്
11. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

| | |
|---|---|
| ബി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ പ്രസ്തുത റൂൾസ് തയ്യാറാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | ബി)കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ സ്പെഷ്യൽ റൂൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല.<br><br>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. കാരണം 22.02.2002 - ൽ ബോർഡിന്റെ മുഖ്യ വരുമാന മാർഗ്ഗമായ വ്യാപാരി അംശാദായം പിരിക്കുന്നത് വ്യപാരികൾ നൽകിയ ഹർജിയെ തുടർന്ന് ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. ബോർഡിന്റെ വരുമാനത്തിന്റെ 85% ത്തോളം വരുന്ന വ്യാപാരി അംശാദായം വഴിയുള്ള വരുമാനം നിലച്ചതോടെ ബോർഡ് സാമ്പത്തികമായി പ്രതിസന്ധിയിലായി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി കാരണം നാമമാത്രമായ ജീവനക്കാരെ നിയമിച്ചാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.<br><br>കേരള ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടില്ല. കാരണം ടി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ വ്യാപാരി സെസ്സും തൊഴിലാളി അംശാദായവുമാണ്. സെസ്സുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നിലവിൽ വ്യാപാരി സെസ്സ് പിരിവ് നടക്കുന്നില്ല. തൊഴിലാളികളിൽ നിന്നുള്ള അംശാദായം മാത്രമാണ് നിലവിലെ ഏക വരുമാന മാർഗ്ഗം അതിനാൽ ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണ്. സ്ഥിരമായി ജീവനക്കാരെ നിയമിക്കുന്നത് വഴി |

ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടതായി വരും.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലും സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ ബാധകമാക്കിയിട്ടില്ല. കാരണം ബോർഡിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ കാര്യാലയത്തിലെയും, പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെയും ജീവനക്കാരാണ് ബോർഡിന്റെ ജോലികൾ അധികമായി ചെയ്യുന്നത്.

| | |
|---|---|
| സി) പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്നകമ്പനിബോർഡ്/കോർപ്പറേഷനുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | സി) തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിൽ 4 എണ്ണം വിശേഷാൽ ചട്ടം രൂപീകരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരികയും യഥാസമയം ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ പരസ്പരം ലയിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതുകൂടി പരിഗണിച്ചാവും സ്പെഷ്യൽ റൂൾ രൂപീകരണം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. |
| ഡി)കാറ്റഗറി 113/2017 കമ്പനി/ബോർഡ്/കോർപ്പറേഷൻ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് പട്ടിക തയ്യാറാക്കുന്ന പ്രക്രീയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ; | ഡി) ബാധകമല്ല. |
| ഇ)കമ്പനി/ബോർഡ്/കോർപ്പറേഷനുകളിൽ കരാർ/ദിവസവേതന വ്യവസ്ഥയിൽ താത്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ പി.എസ്.സി. ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം ലഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | ഇ) തൊഴിൽ വകുപ്പിനു കീഴിലുള്ള ബോർഡുകളിൽ ദിവസവേതന വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ വിശേഷാൽ ചട്ടം നിലവിലുള്ളതു പ്രകാരം പി.എസ്.സി. വഴി നിയമനം നടത്തേണ്ട 4 ബോർഡുകളിൽ ചട്ടത്തിൽ പ്രതിപാദിക്കുന്ന എല്ലാ തസ്തികകളിലും പി.എസ്.സി. മുഖേന തന്നെയാണ് നിയമനം നടത്തുന്നത്. വിശേഷാൽ ചട്ടം നിലവിലില്ലാത്ത ബോർഡുകളിൽ വിശേഷാൽ ചട്ടം ബാധകമാകുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി പി.എസ്.സി. മുഖേന സ്ഥിര നിയമനം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**